# പതിനാലാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം** **06.02.2019-ൽ മറുപടിക്ക്**

**നമ്പർ.1910**

**<u>ഒഴിവുകൾ പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്യാൻ നടപടി</u>**

**<u>ചോദ്യം</u>** **<u>ഉത്തരം</u>**

**ശ്രീ. പി.കെ.ബഷീർ** **പിണറായി വിജയൻ**

**മുഖ്യമന്ത്രി**

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് പി.എസ്.സി. റാങ്ക് ലിസ്റ്റുകൾ നിലവിലുള്ള തസ്തികകളിൽ പോലും പി.എസ്.സി. വഴി നിയമനം നടത്താതെ കരാർ വ്യവസ്ഥയിലും എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴിയും ദിവസവേതന വ്യവസ്ഥയിലും നിയമനം നടത്തുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) യും (ബി) യും | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) | ഇത്തരത്തിൽ നിയമനം നടത്തുന്ന വകുപ്പ് തലവൻമാർക്കെതിരെ നടപടി സ്വീകരിക്കുമോ; | | |
| (സി) | 2018 ഡിസംബർ 31 വരെ പ്രതീക്ഷിക്കുന്ന ഒഴിവുകൾ മുൻകൂട്ടി പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്യാൻ വകുപ്പ് തലവൻമാർക്ക് നിർദ്ദേശം നൽകിയിരുന്നോ; ഇക്കാര്യത്തിൽ വീഴ്ച വരുത്തിയ വകുപ്പ് തലവൻമാർ ആരെല്ലാമാണെന്ന് അറിയിക്കുമോ; | (സി) | സംസ്ഥാനത്ത് വിവിധ വകുപ്പുകളിൽ വിവിധ തസ്തികകളിൽ 2018 കലണ്ടർ വർഷത്തിൽ ഉണ്ടാകുന്ന പ്രതീക്ഷിത ഒഴിവുകൾ മുൻകൂട്ടി കണക്കാക്കി 01.09.2017 നകം കേരള പബ്ലിക് സർവ്വീസ് കമ്മീഷനെ അറിയിക്കണമെന്ന് 16.08.2017 ലെ Adv.C3/304/17/ഉഭപവ നമ്പർ സർക്കുലറിലൂടെ എല്ലാ വകുപ്പ് തലവൻമാർക്കും/നിയമനാധികാരികൾക്കും നിർദ്ദേശം നൽകിയിരുന്നു. |
| (ഡി) | നിലവിൽ ഓരോ വകുപ്പിലും ഒഴിവുള്ള തസ്തികകൾ അടിയന്തരമായി പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്യുവാൻ നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ? | (ഡി) | ഒഴിവുകൾ യഥാസമയം പി.എസ്.സിക്ക് റിപ്പോർട്ട് ചെയ്യുവാൻ എല്ലാ വകുപ്പ് മേധാവികൾക്കും /നിയമനാധികാരികൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ